# പതിനൊന്നാം കേരള നിയമസഭ

**മൂന്നാം സമ്മേളനം**

ബുള്ളറ്റിൻ – ഭാഗം 1

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2002 മാർച്ച് 14, വ്യാഴം

നമ്പർ 52

രാവിലെ 9.00 മണിയ്ക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**<u>ശ്രദ്ധക്ഷണിക്കൽ:-</u>**

1. കേരളത്തിലെ ആദിവാസി ജനവിഭാഗം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ബിനോയ് വിശ്വം പിന്നോക്ക പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും 'കാപ്പക്സി' ന്റെയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എഴുകോൺ നാരായണൻ വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**<u>മേശപ്പുറത്ത് വച്ച കടലാസ് :</u>**

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 2000–2001 വർഷത്തെ സമാഹൃത റിപ്പോർട്ട് മേശപ്പുറത്ത് വച്ചു.

**<u>റിപ്പോർട്ട് സമർപ്പണം :</u>**

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :–

(1) കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട്.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനൊന്നു മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ.

**<u>റിപ്പോർട്ട് പരിഗണന :</u>**

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**<u>ധനകാര്യം :-</u>**

2002–2003 സാംപത്തിക വർഷത്തിന്റെ ആദ്യത്തെ നാലുമാസത്തെ ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടിയുള്ള ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം ധനകാര്യമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ അവതരിപ്പിച്ചു. ഉപക്ഷേപത്തിന് 33, 42, 46 53, 54, 64, 67, 75, 86, 90, 104 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. മത്തായി ചാക്കോ
2. ശ്രീ. ആർ ബാലകൃഷ്ണ പിള്ള
3. ശ്രീ. തമ്പാനൂർ രവി
4. ശ്രീ. മാങ്കോട് രാധ്കൃഷ്ണൻ
5. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
6. ശ്രി. സി. കെ. നാണു
7. ശ്രീ. കെ. നാരായണകുറുപ്പ്

8. ശ്രീ. പി. സി. ജോർജ്
9. ശ്രീ. വർക്കല കഹാർ
10. ശ്രീ. എ. സുജനപാൽ
11. ശ്രീ. എം. എ. ചന്ദ്രശേഖരൻ
12. ശ്രീ. സി. പി. മുഹമ്മദ്
13. ശ്രീ. കെ. സി. വേണുഗോപാൽ
14. ശ്രീ. ഉമ്മൻ ചാണ്ടി
15. ശ്രി. കോടിയേരി ബാലകൃഷ്ണൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ, വിദ്യാഭ്യാസ വകുപ്പു മന്ത്രി നാലകത്ത് സൂപ്പി, ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ എന്നിവർ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനു ശേഷം ധനകാര്യമന്ത്രി അവതരിപ്പിച്ചിരുന്ന ഉപക്ഷേപം സഭ പസ്സാക്കി.

ഉച്ചയ്ക്കുശേഷം 1.55-ന് സഭ പിരിയുകയും വൈകുന്നേരം 4 മണിയ്ക്ക് വീണ്ടും സമ്മേളിക്കുകയും ചെയ്തു.

**<u>നിയമനിർമ്മാണ കാര്യം :</u>**

(1) 2002 ലെ കേരള ധനകാര്യബില്ല് അവതരിപ്പിക്കുകയുണ്ടായി.

(2) 2002-ലെ കേരള ധനവിനിയോഗ (നം.1) ബില്ലും, 2002-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് നം.2) ബില്ലും പരിഗണനയ്ക്കെടുക്കുകയും പാസ്സാക്കുകയും ചെയ്തു..

2002 മാർച്ച് 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 5.55 ന് സഭ പിരിഞ്ഞു.

കെ.ആർ ഉദയഭാനു,
സെക്രട്ടറി.